LIBRARY ARCHIVES Kerala Legislative Assembly

ലൈൻട്രാഫിക് സമ്പ്രദായം

15 (*75) ശ്രീ. എം. ഹംസ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ലൈൻട്രാഫിക് സമ്പ്രദായം നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈൻട്രാഫിക് സമ്പ്രദായം ലംഘിക്കുന്ന ഡ്രൈവർമാർക്കെതിരെ എന്ത് ശിക്ഷാ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ദേശീയ പാതകളിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കാൻ ലൈൻട്രാഫിക് സമ്പ്രദായം പര്യാപ്തമാണോ ;

(ഡി) എങ്കിൽ സംസ്ഥാനത്തെ ദേശീയ പാതകളിലെല്ലാം ലൈൻട്രാഫിക് സമ്പ്രദായം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ദേശീയപാത എൻ.എച്ച്47-ൽ അരൂർ മുതൽ ഇടപ്പള്ളിവരെയുള്ള ഭാഗത്ത് പരീക്ഷണാടിസ്ഥാനത്തിൽ ലൈൻട്രാഫിക് സമ്പ്രദായം നടപ്പിലാക്കിവരുന്നു.

(ബി) ലൈൻട്രാഫിക് സംവിധാനം ലംഘിക്കുന്നവർക്കെതിരെ മോട്ടോർ വാഹന നിയമം 184 അനുസരിച്ച് നടപടി എടുക്കാവുന്നതാണ്.

(സി) ഇപ്പോൾ പര്യാപ്തമല്ല.

(ഡി) സംസ്ഥാനത്തെ ദേശീയപാതകളിലെല്ലാം ലൈൻട്രാഫിക് സമ്പ്രദായം നടപ്പിലാക്കുന്നതിന് ആവശ്യമായ വീതി റോഡുകൾക്കില്ല.

ജെറിയാട്രിക് വാർഡുകളുടെ പ്രവർത്തനം

16 (*76) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ സ്ഥാപനങ്ങളിൽ വൃദ്ധർക്ക് ആരോഗ്യപരിപാലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ആശുപത്രികളിൽ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട് ;